OFFICE THE
COCHIN DEVASWOM BOARD
THRISSUR.
Phone: 2331124 Fax :2335874

No.M5/1110/16

dt: 16/2/2016

## പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് പ്രസ്സിലേക്ക് 1/4/2016 മുതൽ 31/3/2017 കൂടിയുള്ള കാലയളവിലേക്ക് പേപ്പർ കവർ മുതലായ അച്ചടി സാമഗ്രികൾ ഉയർന്ന ഗുണനിലവാരത്തിലും കുറഞ്ഞ നിരക്കിലും വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 25000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ ദേവസ്വം പ്രസ്സിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സീൽ ചെയ്ത കവറിൽ സമർപ്പിക്കുന്നതോടൊപ്പം വിതരണം ചെയ്യേണ്ട സാധനങ്ങളുടെ സാമ്പിളും നൽകേണ്ടതാണ്. ടെണ്ടർ ഫോറം ദേവസ്വം പ്രസ്സിൽ നിന്നും ലഭിക്കുന്നതാണ്.

29/2/2016 ഉച്ചതിരിഞ്ഞ് 3 മണിക്ക് ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അന്നുതന്നെ 3.30 ന് ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസ്സ് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്

OFFICE THE
COCHIN DEVASWOM BOARD
THRISSUR.
Phone: 2331124 Fax :2335874

Ref:-M5.11385/15 Dt.16.2.16

**കൊച്ചിൻ ദേവസ്വം ബോർഡ് പരസ്യം**

കൊച്ചിൻ ദേവസ്വം ബോർഡ് വക പരസ്യങ്ങൾ യഥാസമയം ഏറ്റുവാങ്ങി ആവശ്യപ്പെടുന്ന തീയ്യതിയിലെ പത്രങ്ങളിൽ നിർദ്ദേശാനുസരണം പ്രസിദ്ധപ്പെടുത്തുന്ന ചുമതല രണ്ട് വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ള അഡ്വർട്ടൈസിംഗ് സ്ഥാപനങ്ങളിൽ നിന്നും സീൽ വെച്ച ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകളിൽ പരസ്യം സ്വീകരിക്കുന്നതിന്റെ വ്യവസ്ഥകൾ പൂർണ്ണമായും ഉൾകൊള്ളിക്കേണ്ടതും അഡ്വർട്ടൈസിംഗ് സ്ഥാപനത്തിന്റെ പൂർണ്ണമായ മേൽ വിലാസം ചേർത്തിരിക്കേണ്ടതുമാണ്. ടെണ്ടറിനോടൊപ്പം നിരത ദ്രവ്യമായി കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ 5000/-രൂപയുടെ തൃശ്ശൂരിൽ മാറാവുന്ന ഡിഡി അടക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകൾ 24.2.16-ന് 3 PM-ന് മുൻപായി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്ന് തന്നെ 3.30 P.M.-ന് തുറക്കുന്നതുമാണ്. ടെണ്ടറിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്